കോഴിക്കോട് കോർപ്പറേഷനിലെ എ. ഡി. ബി.-യുടെ പരിശോധന

65 [153] *ശ്രീമതി രാധാ രാഘവൻ:*
ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, *എം. എ. ചന്ദ്രശേഖരൻ:*
,, *പി. ജെ. ജോയി:*
,, *കെ. മുഹമ്മദാലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 സെപ്റ്റംബർ മാസത്തിൽ എ. ഡി. ബി. സംഘം കോഴിക്കോട് കോർപ്പറേഷൻ ഓഫീസിലെ ഫയലുകൾ പരിശോധിച്ചിരുന്നോ;

(ബി) എങ്കിൽ അവർ എന്തെല്ലാം കാര്യങ്ങൾ സംബന്ധിച്ച ഫയലുകളാണ് പരിശോധിച്ചത്;

(സി) എ. ഡി. ബി. സംഘത്തിന്റെ പ്രസ്തുത ഫയൽ പരിശോധനയെ ഡി. വൈ. എഫ്. ഐ.-ക്കാർ എതിർക്കുകയോ തടയുകയോ ചെയ്തിട്ടുണ്ടോ;

(ഡി) ഇതിനുമുൻപ് എപ്പോഴെങ്കിലും എ. ഡി. ബി. ടീം കോഴിക്കോട് കോർപ്പറേഷൻ ഓഫീസ് സന്ദർശിച്ചിരുന്നോ; എങ്കിൽ അന്ന് അവരോട് ഡി. വൈ. എഫ്. ഐ.-ക്കാർ സ്വീകരിച്ച സമീപനം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്, അന്ന് ആഫീസ് സന്ദർശന സമയത്ത് ആരും സംഘത്തെ തടഞ്ഞിട്ടില്ല. അനിഷ്ടസംഭവങ്ങളൊന്നും ഉണ്ടായിട്ടുമില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന പെൻഷൻ

66 [154] *ശ്രീമതി ശോഭനാ ജോർജ്ജ്:*
ശ്രീ. കെ. മോഹൻകുമാർ:
,, *ജി. കാർത്തികേയൻ:*
,, *പി. ടി. തോമസ്:*
,, *എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഏതെല്ലാം പെൻഷനുകളാണ് നൽകിവരുന്നത്;

(ബി) ഇത്തരം പെൻഷനുകൾക്ക് ഏത് വർഷം വരെയുള്ള കുടിശ്ശികയുണ്ട്;

(സി) ഏത് വർഷം വരെ അപേക്ഷിച്ചവർക്കാണ് പെൻഷൻ അനുവദിച്ചത്;

(ഡി) അതിനുശേഷം ഇത്തരം പെൻഷനുകൾക്കുവേണ്ടി അപേക്ഷിച്ചവരുടെ എണ്ണമെത്രയാണ്; അവർക്ക് പെൻഷൻ അനുവദിക്കാതിരിക്കാനുള്ള കാരണമെന്താണ്;

(ഇ) ഈ അപേക്ഷകളിൽ ഏതെല്ലാം ഓഫീസുകളിൽ എത്ര വീതം അപേക്ഷകളിൽ പെൻഷൻ അനുവദിക്കാനുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ.

(ബി) — (ഇ) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

കുടുംബശ്രീ പദ്ധതി

67 [155] *ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി*

ശ്രീ. സ്റ്റീഫൻ ജോർജ്ജ്:

,, ജോസഫ് എം. പുതുശ്ശേരി:

,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ പദ്ധതിപ്രകാരം ഇതുവരെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു;

(ബി) ഇപ്പോൾ ഇതനുസരിച്ച് ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി ഏതെല്ലാം പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly